# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം 07-11-2016- ൽ
നം: 6229 മറുപടിയ്ക്ക്

### കാസർഗോഡ് ജില്ലയിൽ ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കുഞ്ഞിരാമൻ | | ശ്രീ. കെ.ടി. ജലീൽ (തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിൽ ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ കീഴിൽ ഏതെങ്കിലും സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ ഏതൊക്കെ സ്ഥലങ്ങളിൽ ഏതൊക്കെ സ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നത് വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | ഉണ്ട്. വകുപ്പിന് കീഴിൽ കാസർഗോഡ് ജില്ലയിലെ ചേർക്കളയിൽ മുസ്ലീം യുവജനതയ്ക്കായുള്ള പരിശീലന കേന്ദ്രം പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | ഈ സ്ഥാപനങ്ങൾ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) | ന്യൂനപക്ഷ സമുദായങ്ങളിൽപ്പെട്ട യുവജനങ്ങൾക്കായി യു.പി.എസ്.സി, പി.എസ്.സി, ബാങ്കിംഗ്, റെയിൽവേ റിക്രൂട്ട്മെന്റ് ബോർഡ് തുടങ്ങിയ മേഖലകളിലെ വിവിധ മത്സര പരീക്ഷകൾക്കുള്ള പരിശീലനം ടി സ്ഥാപനം മുഖേന നൽകി വരുന്നു. |
| (സി) | ഈ സ്ഥാപനങ്ങളിൽ ആകെ എത്ര ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്; ഇതിൽ സ്ഥിരം ജീവനക്കാർ എത്ര; താൽക്കാലിക ജീവനക്കാർ എത്ര; പ്രത്യേകം പ്രത്യേകം വിശദമാക്കാമോ? | (സി) | ടി സ്ഥാപനത്തിൽ ആകെ 3 താൽക്കാലിക ജീവനക്കാരാണ് ഉള്ളത്. |

സെക്ഷൻ ഓഫീസർ